# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4634** 25.06.2019-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ പെൺ മക്കൾക്ക് സൈക്കിൾ അനുവദിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലെ തീരദേശ വാർഡുകളിലെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്ക് സൗജന്യമായി 2000 സൈക്കിളുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത 4 ജില്ലകളിലെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ഒരു ജില്ലയിൽ 500 സൈക്കിളുകൾ എന്ന ക്രമത്തിൽ 2000 സൈക്കിളുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതുകൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിളുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി പ്രാവർത്തികമാക്കിയത്; | ബി) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് നൽകിയത്. |
| സി) | പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | സി) | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് പുറപ്പെടുവിച്ച 10.02.2017 ലെ സഉ(സാധാ) നമ്പർ 95/2017/മ.തു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു). |

**സെക്ഷൻ ആഫീസർ**

3328
15/2/17

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി ബൈസിക്കിൾ നൽകുന്ന പദ്ധതി - നിർവ്വഹണ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

സ.ഉ (സാധാ) നം.95/2017/മ.തു.വ    തിരുവനന്തപുരം, തീയതി. 10.02.2017

---

പരാമർശം:- (1) സ.ഉ(സാധാ) നം. 527/16/മതുവ തീയതി 18/08/2016.
(2) ഫിഷറീസ് ഡയറക്ടറുടെ 20.01.2017-ലെ എൻ2/14663/16-ാം നമ്പർ കത്ത്.

## ഉത്തരവ്

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥിനികൾക്ക് സൗജന്യമായി ബൈസിക്കിൾ നൽകുന്ന പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗരേഖകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | - | വിദ്യാർത്ഥിനികൾക്ക് സൗജന്യമായി ബൈസിക്കിൾ |
| പദ്ധതി കാലയളവ് | - | 2016-17 |
| പദ്ധതി അടങ്കൽ തുക | - | 100.00 ലക്ഷം രൂപ |
| ഗുണഭോക്താക്കളുടെ എണ്ണം | - | 2000 എണ്ണം |
| പദ്ധതി പ്രദേശവും ഗുണഭോക്താക്കളും | - | ആലപ്പുഴ, മലപ്പുറം, കൊല്ലം, എറണാകുളം ജില്ലകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8, 9 ക്ലാസ്സുകളിലെ മത്സ്യത്തൊഴിലാളി കുടുംബത്തിൽ നിന്നുള്ള വിദ്യാർത്ഥിനികൾ. |

**<u>ഗുണഭോക്തൃ തിരഞ്ഞെടുപ്പ്</u>**

1. ഗുണഭോക്താക്കൾ സമർപ്പിക്കേണ്ട അപേക്ഷ ഫോറം കെ.എസ്.സി.എ.ഡി.സി തയ്യാറാക്കി അതാതു ജില്ലകളിലെ ഫിഷറീസ് ജില്ലാ ആഫീസുകളിൽ ലഭ്യമാക്കും.
2. ഓരോ ജില്ലയിലും മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അപേക്ഷാ ഫാറം വിതരണം ചെയ്യേണ്ട ചുമതല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
3. ഗുണഭോക്താക്കൾക്ക് അപേക്ഷ വിതരണം ചെയ്ത് പൂരിപ്പിച്ച അപേക്ഷകൾ സ്കൂൾ മേലധികാരിയുടെ ശുപാർശയോടെ ബന്ധപ്പെട്ട രേഖകൾ സഹിതം സ്കൂൾ മേലധികാരി ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കി ജില്ല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

4. സ്കൂളുകളിൽ നിന്നും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ രേഖകൾ ഉണ്ടെന്നും അവ സാധുവാണെന്നും ഉറപ്പുവരുത്തി കെ.എസ്.സി.എ.ഡി.സി കരട് അർഹതാ ലിസ്റ്റ് സ്കൂൾ അടിസ്ഥാനത്തിൽ തരം തിരിച്ച് തയ്യാറാക്കേണ്ടതാണ്.
5. കരട് അർഹതാ ലിസ്റ്റ് ജില്ലാ ഫിഷറീസ് ഓഫീസിലും ബന്ധപ്പെട്ട മത്സ്യഭവനുകളിലും അതാത് സ്കൂളിലും 7 ദിവസം സമയം നൽകി പരിശോധനക്കായും അപാകതകൾ ഉണ്ടെങ്കിൽ പരാതി നൽകുന്നതിനുമായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
6. കരട് അർഹതാ ലിസ്റ്റ് സംബന്ധിച്ച പരാതികൾ അതാത് സ്കൂൾ മേലധികാരികൾ വഴി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
7. പരാതികൾ സംബന്ധിച്ച അന്തിമ തീർപ്പ് കൽപ്പിക്കൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ നിർവ്വഹിക്കേണ്ടതാണ്.
8. അന്തിമ അർഹതാ ലിസ്റ്റിൽ നിന്നും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് NFWF ഭവന പദ്ധതിയുടെ ജില്ലാതല ഗുണഭോക്തൃ തിരഞ്ഞെടുപ്പ് കമ്മിറ്റി ആയിരിക്കും. കൂടാതെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ റീജിയണൽ മാനേജർ/പ്രോജക്ട് മാനേജർ എന്നിവരെ കൂടി പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്.
9. കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലെ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.
10. ഓരോ ജില്ലയിലും പരമാവധി 500 ഗുണഭോക്താക്കളെ വീതമാണ് തെരഞ്ഞെടുക്കേണ്ടത്. ഏതെങ്കിലും ജില്ലയിൽ അർഹരായ അപേക്ഷകരുടെ എണ്ണം കുറവുണ്ടെങ്കിൽ കൂടുതലുള്ള ജില്ലകളിലെ ഗുണഭോക്താവിന് ആനുകൂല്യം നൽകാവുന്നതാണ്.
11. അന്തിമ അർഹതാ ലിസ്റ്റിൽ അപേക്ഷകരുടെ എണ്ണം 500 കവിഞ്ഞാൽ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി സ്കൂൾ അടിസ്ഥാനത്തിൽ എണ്ണം തിട്ടപ്പെടുത്തി അത്രയും എണ്ണം ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കേണ്ടതാണ്.

$$\text{സ്കൂളിലേക്കുള്ള ഗുണഭോക്താക്കളുടെ എണ്ണം} = 500 \times \frac{\text{സ്കൂളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം}}{\text{ജില്ലയിലെ ആകെ അപേക്ഷകൾ}}$$

12. അന്തിമ അർഹതാ ലിസ്റ്റിൽ ഗുണഭോക്താക്കളുടെ എണ്ണം 500 ൽ കുറവാണെങ്കിൽ ജില്ലാതല ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സമിതിയുടെ തീരുമാനത്തിനു വിധേയമായി അന്തിമ അർഹതാ ലിസ്റ്റ് സെലക്ട് ലിസ്റ്റായി പരിഗണിക്കപ്പെടും.
13. ജില്ലാതല ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സമിതി തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമ ഗുണഭോക്തൃ ലിസ്റ്റായിരിക്കും.

**പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

1. രക്ഷകർത്താവിന്റെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ്ബുക്കിന്റെ പകർപ്പ്.
2. രക്ഷകർത്താവിന്റെ സത്യപ്രസ്താവന.
3. സ്കൂൾ മേലധികാരിയുടെ ശുപാർശ

**പദ്ധതി നിർവ്വഹണം**

1. ജില്ലാതല ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സമിതി അംഗീകരിച്ച അന്തിമ അർഹതാ ലിസ്റ്റ് പ്രകാരമുള്ള എണ്ണം ബൈസിക്കിളുകൾ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വാങ്ങേണ്ടതാണ്.

2. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ തന്നെ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ വാങ്ങിയ സൈക്കിൾ വിതരണം ചെയ്യേണ്ടതാണ്. ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ സൈക്കിൾ വിതരണം സൂപ്പർവൈസ് ചെയ്യേണ്ടതാണ്.

3. സ്കൂൾ മേലധികാരി രജിസ്റ്ററിൽ രേഖപ്പെടുത്തി ബൈസിക്കിളുകൾ വിതരണം ചെയ്ത് ഒറിജിനൽ രജിസ്റ്റർ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സൂക്ഷിക്കേണ്ടതാണ്.

4. പദ്ധതി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ, ഫിഷറീസ് ഡയറക്ടർ വഴി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

5. ടി പദ്ധതി മുഖേന വിതരണം ചെയ്യപ്പെടുന്ന സൈക്കിളുകൾ അന്യാധീനപ്പെടില്ലായെന്നുറപ്പാക്കേണ്ടതാണ്. അന്യാധീനപ്പെടുത്തിയതായി പിന്നീട് കണ്ടെത്തിയാൽ അതിന്റെ നഷ്ടോത്തരവാദിത്വം ഗുണഭോക്താവായ വിദ്യാർത്ഥിനിയുടെ രക്ഷാകർത്താവ് വഹിക്കുമെന്ന ഒരു നിബന്ധന രക്ഷാകർത്താവ് നൽകുന്ന സത്യപ്രസ്താവനയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
അച്ചൻകുഞ്ഞ്. എം
ഗവൺമെൻറ് ജോയിൻറ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ

സെക്ഷൻ ആഫീസർ